LIBRARY ARCHIVES Kerala Legislative Assembly

**ആദിവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളിലെ തട്ടിപ്പ്**

35 (5673) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിലെ തട്ടിപ്പ് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ശിശുമരണ നിരക്ക് കുറയ്ക്കുവാൻ കൊണ്ടുവന്ന പദ്ധതി പരാജയപ്പെട്ടതായി വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇതിന് ആരാണ് കുറ്റക്കാർ; വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രകാരമുള്ള തുക എത്ര പേർക്ക് ലഭിക്കാതെയുണ്ട്; ലഭിച്ചവർക്ക് എത്ര തുക കിട്ടി; ആകെ എത്ര കോടി രൂപയുടെ വെട്ടിപ്പ് നടന്നു; വിശദമാക്കുമോ;

(ഡി) അർഹരായവർക്ക് സർക്കാർ അനുവദിച്ച തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട്ടിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ തട്ടിപ്പ് നടന്നതായി സൂചിപ്പിച്ചുകൊണ്ട് വന്ന വിവിധ മാധ്യമ റിപ്പോർട്ടുകളിന്മേലും കെ.പി.സി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ളവരുടെ പരാതികളിന്മേലും അന്വേഷണം നടന്നുവരുന്നു.

(ബി) ശിശുമരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിക്കപ്പെട്ട ജനനി ജന്മരക്ഷാ പദ്ധതി പരാജയപ്പെട്ടതായി വകുപ്പ് റിപ്പോർട്ട് നൽകിയിട്ടില്ല. എന്നാൽ 2013-14, 2014-15 എന്നീ വർഷങ്ങളിൽ പദ്ധതിക്കായി ഫണ്ട് ചെലവഴിച്ചതിൽ ഫിനാൻസ് വകുപ്പ് ക്രമക്കേട് കണ്ടെത്തുകയും ഉത്തരവാദിയായ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ. ബി. എസ്. പ്രേമാനന്ദിനെ സസ്പെന്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് ഇപ്പോൾ യഥാസമയം തുക അനുവദിച്ച് നൽകുന്നുണ്ട്.

**പട്ടികജാതിയിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹ ധനസഹായം**

36 (5674) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗക്കാരായ പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം എത്രയാണ്; ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിവാഹ ധനസഹായം ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ശ്രീമതി വൽസല, കുറ്റിക്കാട് വീട്, പെരുവമൂളക്കുളം, വൈക്കം, പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിക്ക് നൽകിയ വിവാഹ ധനസഹായ നിവേദനത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 50,000 രൂപ നൽകിവരുന്നു. പെൺകുട്ടിയുടെ മാതാവ്/പിതാവ്/രക്ഷകർത്താവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 50,000 രൂപയാണ്. അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിവാഹം ഉറപ്പിച്ചുവെന്ന് MLA/MP/ഗസറ്റഡ് ഓഫീസർ/സമുദായ സംഘടനകൾ എന്നിവരുടെ സാക്ഷ്യപത്രം, വിവാഹ ക്ഷണക്കത്ത് എന്നിവ സഹിതം അപേക്ഷകർ താമസിക്കുന്ന പ്രദേശത്തെ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ബി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രീമതി വത്സല, കുറ്റിക്കാട് വീട്, പെരുവമൂളക്കുളത്തിന്റെ അപേക്ഷ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് റിപ്പോർട്ടിനായി അയയ്ക്കുകയും ആയത് കടുത്തുരുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

**1955-ലെ പൗരാവകാശ സംരക്ഷണ നിയമം**

37 (5675) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-ലെ പൗരാവകാശ സംരക്ഷണ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കേന്ദ്രത്തിൽനിന്ന് എത്രത്തോളം ധനസഹായം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംഘടിപ്പിച്ച ക്യാമ്പുകളുടെയും, ശില്പശാലയുടെയും വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly